# മാർത്തോമ്മ പൈതൃകപഠനവും, സാമൂഹിക പ്രതിബന്ധതയും

യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്ത

## ആമുഖം

സാമൂഹിക പ്രതിബന്ധത എന്ന് വാചാലമായി പറയുവാൻ സാമൂഹ്യ-രാഷ്ട്രീയ മത ചിന്തകർക്ക് എളുപ്പമാണ്. പക്ഷെ അതിന്റെ അർത്ഥ തലങ്ങളിലേക്ക് ഇറങ്ങി ചെല്ലുവാനോ അവനവനിൽ തന്നെ അത് എത്രമാത്രം പ്രാവർത്തികമാക്കാം എന്ന് ചിന്തിക്കുവാനോ ആർക്കും നേരമില്ല. സാമൂഹിക പ്രതിബന്ധത എന്ന വാക്ക് അർത്ഥമാക്കുന്നതുതന്നെ സമൂഹത്തോട് ബന്ധിക്കപ്പെട്ട അവസ്ഥ അഥവാ സമൂഹത്തോടുള്ള കെട്ടുപാട് എന്നാകുന്നു. സാമൂഹിക പ്രതിബന്ധതയിൽ കരുതലും, ചുമതലയും, ഉൾബോദ്ധ്യവും, ബാദ്ധ്യതയും, കടപ്പാടും, ഉത്തരവാദിത്വവും എല്ലാം അടങ്ങുന്നു. ദൈവം സൃഷ്ടിച്ച മിക്കവാറും എല്ലാ ജീവികൾക്കും തന്നത്താൻ ജീവിക്കുവാൻ കഴിയുന്നു. എന്നാൽ മനുഷ്യന് അത് സാദ്ധ്യമല്ല. മനുഷ്യന്റെ ജനനം മുതൽ മരണം വരെയും വിവിധ തരത്തിലുള്ള ആളുകളുമായും പ്രകൃതിയുമായും ജീവജാലങ്ങളുമായും അവൻ ബന്ധിക്കപ്പെട്ടിരിക്കുന്നു. പശു പ്രസവിച്ചാൽ അതിന്റെ കുഞ്ഞ് തന്നത്താൻ പാൽ കുടിച്ചിരിക്കും. കോഴിയുടെ മുട്ട വിരിഞ്ഞാൽ അത് തന്നത്താൻ ചിക്കി ചികയുവാൻ പിറന്നിടത്തു തന്നെ ശ്രമിക്കുന്നു. മിക്കവാറും എല്ലാ ജീവികളും ഇങ്ങനെ തന്നെ, മനുഷ്യൻ ഒഴിച്ച്. മനുഷ്യൻ ജനിച്ചു വീണാൽ അവന് തന്നത്താൻ അമ്മയുടെ മുലപ്പാൽ കുടിക്കാൻ കഴിയുമോ? എന്നാൽ ഈ അവബോധം പലരിലും നഷ്ടപ്പെടുന്നു. അവനവനിസത്തിലേക്ക് ചുരുങ്ങുന്നു. തന്മൂലം ജീവിതം ദുസ്സഹമായിത്തീരുന്നു. മനുഷ്യൻ ജീവിതത്തിൽ മരുഭൂപ്രദേശങ്ങൾ സൃഷ്ടിക്കുന്നു. സ്നേഹമാകുന്ന ഊറ്റുറവ വറ്റി വരണ്ട് പൊയ്ക്കൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള സാഹചര്യത്തിലാണ് മാർത്തോമ്മായെയും സാമൂഹിക പ്രതിബന്ധതയെയുംക്കുറിച്ച് നാം ചിന്തിക്കുന്നത്.

## വി.തോമാശ്ലീഹാ

രണ്ടായിരം വർഷങ്ങൾക്ക് മുൻപ് യേശുനാഥൻ ഇഹലോകത്തിലേക്ക് അവതരിക്കുന്നത്, എങ്ങനെ ഒരു മനുഷ്യൻ സാമൂഹ്യ ജീവിയായി ദൈവാശ്രയ ബോധത്തോടെ ജീവിക്കണമെന്ന് പഠിപ്പിക്കുവാനും മാതൃക കാണിക്കാനുമാണ്. നമ്മുടെ കർത്താവിന്റെ കാലയളവ് നീതി ഒട്ടും തീണ്ടാത്ത ഒരു സമയമായിരുന്നു എന്ന് നമുക്കറിയാമല്ലോ. അതുകൊണ്ടാണ് സത്യത്തിനു വേണ്ടി ജീവിച്ച വി.യോഹന്നാനെ കാരാഗൃഹത്തിൽ അടച്ചതും പിന്നീട് ശിരച്ഛേദം ചെയ്യിച്ചതും. നമ്മുടെ കർത്താവിന്റെ ക്രൂശുമരണം സത്യത്തിന് എതിരെ നിലകൊണ്ട സമൂഹത്തിന്റെ നഗ്ന ചരിത്രം തുറന്ന് കാണിക്കുന്നു. ക്രിസ്തു കാണിച്ചുകൊടുത്ത പാതയിൽ ഭാഷയോ, സംസ്കാരമോ, അറിയാത്ത ബന്ധുമിത്രാദികൾ ഇല്ലാത്ത നാട്ടിലേക്ക് വി.തോമാശ്ലീഹാ ഏകനായി വരുകയും തന്റെ നാഥന്റെ സുവിശേഷം പ്രചരിപ്പിക്കുകയും അവസാനം കുന്തം ഏറ്റ് മരിക്കുകയും ചെയ്തു. ഇത് സാമൂഹിക പ്രതിബന്ധതയുടെ ഉത്തമ ഉദാഹരണമാണ്. നാം നമുക്ക് വേണ്ടി കുന്തം ഏറ്റ് മരിച്ച നമ്മുടെ ഭാരതത്തിന്റെ അപ്പൊസ്തോലനെ അതായത് ക്രിസ്തുവിൽ നമ്മെ ജനിപ്പിച്ച തോമാശ്ലീഹായെക്കുറിച്ച് കഴിഞ്ഞ ഒരു വർഷം നന്നായി പഠിക്കുകയുണ്ടായി. തോമാശ്ലീഹയുടെ പ്രേക്ഷിത പ്രവർത്തിയെക്കുറിച്ച് പിതാക്കന്മാർ പറയുന്നത് "MISSIO DEI" - The Mission of God. അതായത് ദൈവത്തിന്റെ പ്രേക്ഷിതവേല. തോമാശ്ലീഹായെ കർത്താവ് വിളിച്ച് വേർതിരിച്ച് ഈ വേലയ്ക്കുവേണ്ടി അയച്ചപ്പോൾ വേല തികയ്ക്കുവാൻ പരി.തോമാശ്ലീഹാ ബാദ്ധ്യസ്ഥനാണ്. അദ്ദേഹത്തിന് ലഭിച്ച താലന്ത് അദ്ദേഹം ഭംഗിയായി വ്യാപാരം ചെയ്യുകയും ചെയ്തു.

## ദൈവത്താൽ വിളിക്കപ്പെട്ടവർ - വി.വേദപുസ്തകത്തിൽ

എസ്തേർ - 4 : 14 ൽ മൊർദ്ദെഖായി പറയുന്നു. "നീ ഈ സ്ഥാനത്ത് മിണ്ടാതിരുന്നാൽ യെഹൂദൻമാർക്ക് മറ്റൊരു സ്ഥലത്ത് നിന്ന് ഉദ്ധാരണവും രക്ഷയും ഉണ്ടാകും. എന്നാൽ നീയും നിന്റെ പിതൃഭവനവും നശിച്ചുപോകും. ഇങ്ങനെയുള്ളൊരു കാലത്തിനായിട്ടല്ലയോ നീ രാജസ്ഥാനത്ത് വന്നിരിക്കുന്നത്." ദൈവം എസ്തേറിനെ ഏൽപ്പിച്ച ചുമതല ഇസ്രായേലിനെ രക്ഷിക്കുവാനാണ്. അത് എസ്തേറിന്റെ സാമൂഹിക പ്രതിബന്ധതയും ചുമതലയുമായിരുന്നു. വി.കന്യകമറിയം കൊച്ചുപെൺകുട്ടിയായിരുന്നു എങ്കിലും ഗബ്രിയേലിന്റെ വാക്കുകൾ കേട്ട് പരിശുദ്ധാത്മ നിറവിൽ, തന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നു. ലൂക്കോസ് 1 : 38 "ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ" എന്ന് പറഞ്ഞ് ദൈവത്തിന് തന്നത്താൻ സമർപ്പിക്കുന്നു. ഗബ്രിയേൽ മാലാഖയും വി.കന്യക മറിയാമും തമ്മിലുള്ള സംഭാഷണ സമയത്തെക്കുറിച്ച് വി.അത്താനാസിയോസ് ഇപ്രകാരം പറയുന്നു. "ലോകത്തിന്റെ ഭാവി ത്രാസിൽ തൂങ്ങിയ സമയമായിരുന്നു" എന്ന്. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് നന്മയും തിന്മയും തിരിച്ചറിഞ്ഞ് തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നൽകികൊണ്ടാണ്. അവന് ഏതും തെരഞ്ഞെടുക്കാം. വി.കന്യക മറിയാമിന് ഈ ചുമതല ഏറ്റെടുക്കാതിരിക്കാമായിരുന്നു. പക്ഷെ ആ അമ്മ പൂർണ്ണമായി തന്നെത്തന്നെ സമർപ്പിക്കുന്നു. കർത്തൃ ശിഷ്യൻമാരും ഇതേ പാത പിൻപറ്റിയവരാണ്. ആടുകളെ മേയ്ച്ചുകൊണ്ടിരുന്ന മോശയും വിളിക്കപ്പെട്ടത് കഷ്ടപ്പെടുകൾ സഹിച്ച് ഇസ്രായേൽ ജനത്തെ മിസ്രമിൽ നിന്നും കൊണ്ടുവരാനാണ്. അതിനായിട്ട് അവന്റെ ജനനം